# MISSION SAGAR: A major Milestone in India’s Engagement with IOR Countries

July 01, 2020

---

## മിഷൻ സാഗർ: IOR രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തിലെ ഒരു പ്രധാന നാഴികക്കല്ല്

**01 ജൂലൈ , 2020**

ഇന്ത്യൻ മഹാസമുദ്രത്തിൽ മിഷൻ സാഗറിനായി നിയോഗിക്കപ്പെട്ട INS കേസരി 55 ദിവസത്തിനുള്ളിൽ  7 ,500 നോട്ടിക്കൽ മെയിലുകൾ പിന്നിട്ട് 28 ജൂൺ 2020 ൽ ഇന്ത്യയിൽ തിരിച്ചെത്തുന്നു.

2. 10 മെയ് 2020 ൽ തുടങ്ങിയ മിഷൻ സാഗർ ഇന്ത്യ മഹാസമുദ്ര മേഖലയിൽ ഉള്ള രാജ്യങ്ങളിലേക്ക് കോവിഡ്-19 നുമായി ബന്ധപ്പെട്ട സഹായങ്ങൾ എത്തിക്കുന്നതിനായി ആരംഭിച്ച ഇന്ത്യൻ സംരംഭമാണ്. മിഷന്റെ ഭാഗമായി മാൽദ്വീപുകൾ, മൊറീഷ്യസ്, മഡഗാസ്കർ, കൊമോറോസ് കൂടതെ സീഷെൽസ് എന്നിങ്ങനെയുള്ള നമ്മുടെ നാവിക അയല്രാജ്യങ്ങൾക്ക് കോവിഡ് മഹാവ്യാധിയുമായി ബന്ധപ്പെട്ട പ്രതിസന്ധികൾക്ക് ആവശ്യമായ സഹായങ്ങൾ നൽകി വന്നു. ഇന്ത്യയുടെ മാനുഷിക മൂല്യമുള്ള സഹായങ്ങളിൽ അവശ്യ ഭക്ഷണ വസ്തുക്കളുടെയും മരുന്നുകളുടെയും ആയുർവേദമരുന്നുകളുടെയും വിതരണം എന്നിവയും മൗറീഷ്യസിലും കൊമോറോസിലേക്കുമുള്ള വൈദ്യ സഹായ സംഘങ്ങളുടെ (MAT)നിയമനവും ഉൾപ്പെടുന്നു.

3. മിഷൻ സാഗർ ഇന്ത്യൻ മഹാസമുദ്ര പ്രവിശ്യയിലെ രാജ്യങ്ങളുമായുള്ള സമ്പർക്കത്തിൽ ഒരു നാഴികക്കല്ലാണ്, പ്രധാന മന്ത്രിയുടെ ദർശനമായ 'സാഗർ - എല്ലാ മേഖലകളിലെയും സുരക്ഷയും വളർച്ചയും' എന്നതിന് അനുരൂപമായ ഒന്നാണിത്.

4. ആതിഥേയ സർക്കാരുകളായ റിപ്പബ്ലിക് ഓഫ് മാൽഡീവ്സ്, റിപ്പബ്ലിക് ഓഫ് മൗറീഷ്യസ്, റിപ്പബ്ലിക് ഓഫ് മഡഗാസ്കർ, യൂണിയൻ ഓഫ് കോംറോസ് കൂടാതെ റിപ്പബ്ലിക് ഓഫ് സീഷെൽസ് എന്നിവരോട് അവരുടെ ഊഷ്മളമായ സ്വീകരണവും ആവശ്യവസ്തുക്കൾക്കായുള്ള സഹായവും മുഖേനെ മിഷന് നൽകിയ പിന്തുണയ്ക്ക് വിദേശകാര്യ മന്ത്രാലയം അഭിവാദ്യങ്ങൾ അറിയിച്ചു.

**ന്യൂ ഡൽഹി**

**01 ജൂലൈ 2020**

DISCLAIMER : This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.